ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 17.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) **കഴിഞ്ഞ ഒരു വർഷത്തിനിടെ, ഇന്ത്യൻ ഓട്ടോമൊബൈൽ മേഖല 12 ശതമാനം വളർച്ച കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**

   Prime Minister Narendra Modi says that the Indian automobile sector has grown by 12 percent in the last one year

2) **ലക്ഷദ്വീപിൽ വിവിധ വികസന പദ്ധതികൾക്ക് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ തുടക്കം കുറിച്ചു.**

   Vice President Jagdeep Dhankhar inaugurated various development projects in Lakshadweep today

3) **പ്രതിരോധ മേഖലയിൽ ഇന്ത്യ- അമേരിക്ക ബന്ധം ശക്തമായതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ.**

   External Affairs Minister S Jaishankar says that India-US ties have strengthened in the defense sector.

4) **കേരള നിയമസഭ ബജറ്റ് സമ്മേളനത്തിന് തുടക്കം; അടിസ്ഥാന സൗകര്യ വികസനത്തിനും ദാരിദ്ര്യ നിർമാർജനത്തിനും സർക്കാർ മുൻഗണന നൽകുന്നതായി നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.**

   Kerala Assembly Budget Session begins; Government prioritizes infrastructure development and poverty alleviation, Governor Rajendra Vishwanath Arlekar said in his address to assembly.

5) **റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 12 ഇന്ത്യൻ പൗരന്മാർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും 16 പേരെ ഇപ്പോഴും കാണാനില്ലെന്നും വിദേശകാര്യ മന്ത്രാലയം.**

   12 Indian citizens serving in the Russian army have lost their lives, 16 are still missing, the Ministry of External Affairs said

6) **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷെഡ്പുർ എഫ്സി - മോഹൻബഗാൻ പോരാട്ടം.**

   Jamshedpur FC - Mohun Bagan battle in ISL football today.

===========================================================

## HEADLINE – 1

## PM MOBILITY

കഴിഞ്ഞ ഒരു വർഷത്തിനിടെ, ഇന്ത്യൻ ഓട്ടോമൊബൈൽ മേഖല 12 ശതമാനം വളർച്ച കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ ഏറ്റവും വലിയ ഓട്ടോമോട്ടീവ് വാഹന പ്രദർശനമായ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ -2025 ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ ഓട്ടോമൊബൈൽ മേഖലയുടെ വളർച്ച അനിവാര്യമാണെന്നും ശ്രീ മോദി വ്യക്തമാക്കി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്.

===============================================================

## HEADLINE – 2

## VP - LAKSHADEEP (INTRO)

രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ ബഹുദൂരം മുന്നേറിയതായി, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ലക്ഷദ്വീപ് സന്ദർശനത്തിന്റെ ഭാഗമായി അഗത്തിയിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ജി-20 സംഘടിപ്പിച്ച തിലൂടെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ലക്ഷദ്വീപ് ഇടം നേടിയതായും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

**(ഹോൾഡ് ഫോർ വോയ്സ്)**

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ലക്ഷദ്വീപിൽ എത്തിയ ഉപരാഷ്ട്രപതിയേയും, പത്നിയേയും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലും മറ്റ് പ്രമുഖരും ചേർന്നാണ് സ്വീകരിച്ചത്.

===============================================================

## CENTRE-FOOD

വിലക്കയറ്റം തടയുന്നതിന് അവശ്യ സാധനങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നു എന്നും അമിത വില ഈടാക്കുന്നില്ല എന്നും ഉറപ്പാക്കുന്നതായി കേന്ദ്ര സർക്കാർ. പ്രാദേശിക ഉത്പാദനം വർദ്ധിപ്പിക്കുക

ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതായും ഉപഭോക്തൃകാര്യ- ഭക്ഷ്യപൊതുവിതരണ മന്ത്രാലയം അറിയിച്ചു. പയർവർഗങ്ങൾ, ഉള്ളി എന്നിവയുടെ ഉത്പാദനം കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ ഈ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചതായും മന്ത്രാലയം അറിയിച്ചു.

===============================================================

## DELHI NOMINATION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. 70 നിയമസഭാ മണ്ഡലങ്ങളിലേക്കായി ആയിരത്തിലധികം സ്ഥാനാർത്ഥികൾ ഇതിനകം നാമനിർദ്ദേശപത്രിക സമർപ്പിച്ചു. തിങ്കളാഴ്ച വരെ പത്രികകൾ പിൻവലിക്കാം. വോട്ടെടുപ്പ് അടുത്തമാസം അഞ്ചിനും വോട്ടെണ്ണൽ എട്ടിനും നടക്കും. അതിനിടെ തിരഞ്ഞെടുപ്പിനായുള്ള പ്രകടന പത്രിക ബിജെപി ഇന്ന് പുറത്തിറക്കി.

===============================================================

## HEADLINE – 3

## S JAISHANKAR (INTRO)

ഇന്ത്യ-അമേരിക്ക സഹകരണം മെച്ചപ്പെടുത്തുന്നതിന് ബംഗളൂരുവിലെ പുതിയ യുഎസ് കോൺസുലേറ്റ് അവിഭാജ്യ ഘടകമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. നിർമ്മിത ബുദ്ധി, ബഹിരാകാശം, പ്രതിരോധം, ഡ്രോൺ, ബയോടെക്നോളജി തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങൾക്കും സഹകരണം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ബംഗളൂരുവിൽ അമേരിക്കൻ കോൺസുലേറ്റ് ഉദ്ഘാടനചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീ ജയശങ്കർ.

**(ഹോൾഡ് വോയ്സ്......)**

പ്രതിരോധ മേഖലയിൽ ഇന്ത്യ- അമേരിക്ക ബന്ധം കൂടുതൽ ശക്തമായതായും കേന്ദ്രമന്ത്രി പറഞ്ഞു.

===============================================================

## HEADLINE – 4

### KERALA ASSEMBLY

കേരള നിയമസഭ ബജറ്റ് സമ്മേളനത്തിന് തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നയപ്രഖ്യാപന പ്രസംഗം നടത്തി. വയനാട് മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് ഗവർണർ അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനും ദാരിദ്ര്യനിർമാർജനത്തിനുമാണ് സർക്കാർ മുൻഗണന നൽകുന്നത്. എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കാനുള്ള നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്നും ജനപങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും ശ്രീ അർലേക്കർ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കി. നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ഈ മാസം 20 മുതൽ 22 വരെ നടക്കും. അടുത്തമാസം ഏഴിനാണ് സംസ്ഥാന ബജറ്റ്.

==================================================================

### VAISHNAW – RINL

ആന്ധ്രാപ്രദേശിൽ സ്ഥിതി ചെയ്യുന്ന രാജ്യത്തെ സ്റ്റീൽ മേഖലയിലെ സുപ്രധാന കമ്പനിയായ രാഷ്ട്രീയ ഇസ്പത് നിഗം ലിമിറ്റഡിന്റെ പുനരുജ്ജീവന പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയാതായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് . 11,440 കോടി രൂപയുടെതാണ് പുനരുജ്ജീവന പാക്കേജ്.

==================================================================

## HEADLINE – 6

### ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷെഡ്പൂർ എഫ്സി - മോഹൻബഗാൻ പോരാട്ടം. ജംഷഡ്പൂരിലാണ് മത്സരം.

==================================================================

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റന്നാൾ. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ ഇന്നു കൂടി പങ്കുവയ്ക്കാവുന്നതാണ്.

==========================================================

## HEADLINE – 5

## MEA-BRIEFING (INTRO)

റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 12 ഇന്ത്യൻ പൗരന്മാർക്ക് ഇതുവരെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും 16 പേരെ ഇപ്പോഴും കാണാനില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിന്നുള്ള ബിനിൽ ബാബുവിൻറെ മരണം നിർഭാഗ്യകരമെന്ന് പറഞ്ഞ വിദേശകാര്യ വക്താവ് കുടുംബത്തിനെ അനുശോചനം അറിയിച്ചു.

**(ഹോൾഡ് ഫോർ വോയ്സ്)**

റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 96 ഇന്ത്യൻ പൗരന്മാർ വിടുതൽ വാങ്ങി തിരിച്ചെത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ ഇന്ത്യയെ പ്രതിനിധീകരിക്കു മെന്നും ശ്രീ ജയ്സ്വാൾ അറിയിച്ചു.

==========================================================

## L MURUGAN VISIT – JAGANNATHPUR

ഝാർഖണ്ഡിലെ പശ്ചിമ സിംഹഭൂമിൽ അഭിലാഷ ജില്ലാ പദ്ധതിയുടെ പുരോഗതി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ വിലയിരുത്തി. സന്ദർശനത്തിൻറെ രണ്ടാം ദിവസമായ ഇന്ന് ഐഐടി ജഗദ്നാഥ്പൂർ അദ്ദേഹം സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ എല്ലാ മേഖലയിലും രാജ്യം

വികസിക്കുകയാണെന്നും ശ്രീ മുരുഗൻ പറഞ്ഞു. വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലെത്താൻ രാജ്യം അതിവേഗം സഞ്ചരിക്കുകയാണെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

==========================================================

## Amritapuri– Tech Conferenc

അന്താരാഷ്ട്ര ജെന്റർ ടെക് കോൺഫറൻസിന് കൊല്ലം അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിൽ തുടക്കമായി. ചടങ്ങിൽ കേന്ദ്ര ജലശക്തി വകുപ്പ് മന്ത്രി ഡോ. രാജ് ഭൂഷൺ ചൗധരി മുഖ്യാതിഥിയായി. നാല് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിവിധ സെഷനുകളിലായി അമ്പതോളം പ്രഗത്ഭർ സംസാരിക്കും. പ്രഭാഷണ പരമ്പരകൾ, മെഗാ ഹാക്കത്തോൺ, ക്ലാസുകൾ, പ്രദർശനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ സമ്മേളനത്തിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

==========================================================

## ADD. MAHA – SAIF ATTACK

ബോളിവുഡ് താരം സെയ്ഫ് അലിഖാനെ ആക്രമിച്ച കേസിൽ മുംബൈ പോലീസ് ഒരാളെ അറസ്റ്റ് ചെയ്തു. കൂടുതൽ അന്വേഷണത്തിനായി ഇയാളെ ബാന്ദ്ര പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. സെയ്ഫ് അലി ഖാൻ സുഖം പ്രാപിച്ചുവരികയാണെന്നും തീവ്രപരിചരണ വിഭാഗത്തിൽ നിന്ന് മാറ്റിയെന്നും ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

==========================================================

## FOREX RESERVES

രാജ്യത്തെ വിദേശ നാണ്യ ശേഖരം 870 കോടി ഡോളർ കുറഞ്ഞ് 62,587 കോടി ഡോളറായതായി റിസർവ് ബാങ്ക്. കഴിഞ്ഞ ആഴ്ച വിദേശനാണ്യ ശേഖരം 560 കോടി ഡോളർ കുറഞ്ഞ് 63,458 കോടി ഡോളറിലെത്തിയിരുന്നു. വിദേശ കറൻസികളുടെ ശേഖരത്തിലെ കുറവാണ് വിദേശനാണ്യ ശേഖരത്തിലെ കുറവിന് കാരണമെന്നും കേന്ദ്രബാങ്കിൻറെ വാരാന്ത്യ കണക്കുകൾ വ്യക്തമാക്കുന്നു.

==========================================================

## I&B AMENDMENT-CABLE OPERATOR

കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് നിയമം 1994 ഭേദഗതി ചെയ്ത് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രാദേശിക കേബിൾ ഓപ്പറേറ്റർമാരുടെ രജിസ്ട്രേഷൻ ലളിതമാക്കുന്നതിൻറെ ഭാഗമായാണ് ഭേദഗതി. രജിസ്ട്രേഷൻ ഇന്ന് മുതൽ പൂർണമായി ഓൺലൈനായി നടപ്പാക്കും.

==============================================================

## CHANDRA ARYA- CANADA PM

കാനഡയുടെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് മത്സരിക്കാൻ ഒരുങ്ങി കനേഡിയൻ പാർലമെൻറ് അംഗവും ഇന്ത്യൻ വംശജനുമായ ചന്ദ്ര ആര്യ. നേപിയൻ പാർലമെൻറ് അംഗമായ ആര്യ ഇന്ന് നാമനിർദേശ പത്രിക സമർപ്പിക്കുകയും സഭയെ കന്നട ഭാഷയിൽ അഭിസംബോധന ചെയ്യുകയും ചെയ്തു. കർണാടകയിലെ തുംകൂർ സ്വദേശിയായ ആര്യ ധാർവാർഡിൽ നിന്ന് എംബിഎ നേടിയ ശേഷം കാനഡയിലേക്ക് താമസമാക്കുകയായിരുന്നു.

==============================================================

## PAK SATELLITE-CHINA

പാകിസ്ഥാൻറെ ഒരു ഉപഗ്രഹം വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ച് ചൈന. ജിയുക്വാൻ സാറ്റലൈറ്റ് ലോഞ്ച് സെൻററിൽ നിന്ന് ഒരു ലോംഗ് മാർച്ച്-2D കാരിയർ റോക്കറ്റ് ഉപയോഗിച്ചാണ് PRSC-EO1 എന്ന ഉപഗ്രഹം ചൈന വിക്ഷേപിച്ചത്. ടിയാൻലു-1, ലന്തൻ-1 എന്നീ മറ്റ് രണ്ട് ഉപഗ്രഹങ്ങളെയും ഇതോടൊപ്പം വിക്ഷേപിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങളായി പാകിസ്ഥാന്റെ ഉപഗ്രഹങ്ങൾ ചൈന വിക്ഷേപിച്ചുവരികയാണ്.

==============================================================

==============================================================

==============================================================